ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക.

1. സകലത്തിന്റെയും ആദികാരണൻ ആര്? ഉ. ഏകദൈവം.
2. ത്രിത്വത്തിൽ ഒരുവനായിരിക്കുന്ന പിതാവാം ദൈവം ——— ആകുന്നു.
   ഉ. സർവ്വശക്തൻ.
3. പിതാവാം ദൈവം, അനാദിയായി തന്നിൽ നിന്നു ജനിച്ച വചനമായ പുത്രന്റെ ——— ആകുന്നു. ഉ. ജനകൻ.
4. പുത്രൻ സാരാംശത്തിൽ പിതാവിനും, പരിശുദ്ധ റൂഹായ്ക്കും സമനും ——— ഉം ആകുന്നു. ഉ. സൃഷ്ടി അല്ലാത്തവനും (സൃഷ്ടിയല്ലാത്തവൻ എന്ന് ഉപയോഗിക്കരുത്.)
5. പുത്രൻ മനുഷ്യനായിത്തീർന്നപ്പോഴും തന്റെ ——— ന് ഭേദം സംഭവിച്ചില്ല. ഉ. ദൈവീകസ്ഥിതിക്ക്.
6. മരിച്ച് അടക്കപ്പെട്ട പുത്രൻ പാതാളത്തിലേക്ക് ഇറങ്ങിച്ചെന്ന് ചെയ്തത് എന്ത്? ~~ഉ. പാതാളത്തിലുള്ളവരോട്~~
   ഉ. പാതാളത്തിലുള്ളവരോട് പ്രസംഗിച്ചു.
7. 'പർസൂപാ' എന്ന വാക്കിന്റെ അർത്ഥം എഴുതുക. ഉ. മുഖം.
8. പുത്രന്റെ മരണസമയത്ത് ആത്മാവിൽ നിന്നും, ശരീരത്തിൽ നിന്നും വേർതിരിയാതെ അവ രണ്ടിനോടും കൂടെ ഉണ്ടായിരുന്നതെന്ത്?
   ഉ. തന്റെ ദൈവത്വം.
9. പുത്രൻ വലിയതായ തന്റെ മഹത്വത്തോടുകൂടി രണ്ടാമത് വരുന്നത് എന്തിന്? ഉ. ജീവനുള്ളവരെയും, മരിച്ചവരെയും ന്യായം വിധിപ്പാൻ.
10. പരിശുദ്ധാത്മാവ് ആരിൽ നിന്നാണ് പുറപ്പെടുന്നത്? ഉ. പിതാവിൽനിന്ന്.
11. പരിശുദ്ധാത്മാവ് സംസാരിച്ചത് ആരൊക്കെ മുഖാന്തിരം?
    ഉ. നിബിയന്മാരും, ശ്ലീഹന്മാരും മുഖാന്തിരം.
12. കൂദാശകളുടെ മറ്റൊരു പേര് എഴുതുക. ഉ. വിശുദ്ധ രഹസ്യങ്ങൾ.
13. ദൈവകൃപ ലഭിക്കുവാൻ കൂദാശകൾ എങ്ങനെയാണ് കൈക്കൊള്ളേണ്ടത്?
    ഉ. അതാതിന് ആവശ്യമായ യോഗ്യതകളോടുകൂടെ.
14. സകല കൂദാശകളിലും വച്ച് ആദ്യത്തേത് ഏത്? ഉ. വി. മാമോദീസാ.
15. വി. മാമോദീസായെ പ്രകാശം എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?
    ഉ. അറിവില്ലായ്മയുടെ അന്ധകാരത്തിൽനിന്ന് ദൈവീക അറിവിന്റെ പ്രകാശത്തിലേക്ക് അടുത്തു വരുന്നതിനാൽ.

16. വിശ്വാസത്തോടും, ഭക്തിയോടും കൂടെ കർത്താവിന്റെ ശരീരരക്തങ്ങൾ കൈക്കൊള്ളുന്നവർക്ക് ലഭിക്കുന്ന ഫലം എന്ത്?
ഉ. പാപമോചനവും, നിത്യജീവനും.

17. വി. കുമ്പസാരത്തിന്റെ മറ്റൊരു പേർ പറയുക.
ഉ. അനുതാപത്തിന്റെ രഹസ്യം.

18. വിശ്വാസപ്രമാണത്തിന്റെ ഒന്ന്, രണ്ട്, മൂന്ന് ഖണ്ഡികകൾ ആരെയൊക്കെ പറ്റി പരാമർശിക്കുന്നു.
ഉ. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്.

19. ആരാണ് സകലത്തെയും ജീവിപ്പിക്കുന്ന കർത്താവ്?
ഉ. പരിശുദ്ധാത്മാവ്.

20. വി. മാമോദീസായിൽ ഉപയോഗിക്കുന്ന രണ്ടു തൈലങ്ങൾ ഏതൊക്കെ?
ഉ. ശുദ്ധീകരിക്കപ്പെട്ട സൈത്തും, വിശുദ്ധ മൂറോനും.

21. വി. മൂറോൻ ഉപയോഗിക്കുന്ന മറ്റു സന്ദർഭങ്ങൾ ഏതൊക്കെ?
ഉ. ദൈവാലയകൂദാശയ്ക്കും, ത്ബലൈത്തായുടെ കൂദാശയ്ക്കും.

22. ഒരാൾക്ക് സ്വമേധയാ തനിക്കായിട്ട് സ്വീകരിപ്പാൻ കഴിയാത്ത സ്ഥാനം ഏത്? ഉ. പട്ടത്വം.

23. മനസ്സുള്ളവർക്ക് മാത്രം സ്വീകരിക്കാവുന്ന കൂദാശകൾ ഏവ?
ഉ. പട്ടത്വവും, വിവാഹവും.

24. വി. കുർബ്ബാന ശിക്ഷാവിധിക്ക് കാരണമാകുന്നതെപ്പോൾ?
ഉ. അയോഗ്യമായും, ഭക്തികൂടാതെയും സ്വീകരിക്കുമ്പോൾ.

25. വി. കുർബ്ബാനയിൽ അപ്പവും വീഞ്ഞും തമ്മിൽ കലർത്തുന്നത് ഏത് ശുശ്രൂഷയുടെ സമയത്താണ്? ഉ. ഖണ്ഡിപ്പിന്റെ ശുശ്രൂഷയുടെ സമയത്താണ്.

രണ്ടോ, മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.

1. നമ്മുടെ വിശ്വാസപ്രകാരം ദൈവം ആര്?
കാണപ്പെടുന്നവയും, കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവാണ് ജീവനും, സത്യവുമായ ഏകദൈവം. സകലത്തിന്റെയും ആദികാരണനായിരിക്കുന്ന ഈ ഏകദൈവം അല്ലാതെ വേറെ ദൈവം ഇല്ല.

2. ചുരുങ്ങിയ വാക്കുകളിൽ ത്രിത്വത്തെ വിശദീകരിക്കുക.
ദൈവത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളത്വങ്ങൾ ഉണ്ട്. ത്രിത്വത്തിൽ ഏകത്വവും, ഏകത്വത്തിൽ ത്രിത്വവും ആയ ദൈവം, മുമ്പ്-പിമ്പോ, വലുപ്പച്ചെറുപ്പമോ, ശക്തി വ്യത്യാസമോ ഇല്ലാത്തതാകുന്നു.

3. ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളിലും പൊതുവായിരിക്കുന്നത് എന്തൊക്കെ?
ഏക സാരാംശം, ഏക രാജത്വം, ഏകസ്വഭാവം, ഏക ഇഷ്ടം, ഏക നിരൂപണം, ഏക ശക്തി, ഏക ശ്രേഷ്ഠത, ഏക കർത്തവ്യം.

4. പിതാവാം ദൈവം – വിശദീകരിക്കുക.
ത്രിത്വത്തിൽ ഒരുവനായിരിക്കുന്ന പിതാവാം ദൈവം, സർവ്വശക്തനും, ആകാശത്തിന്റെയും, ഭൂമിയുടെയും, കാണപ്പെടുന്നവയും, കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവുമാകുന്നു. അനാദിയായി തന്നിൽനിന്ന് ജനിച്ച വചനമായ പുത്രന്റെ ജനകനും, ദൈവത്വത്തിന്റെ സകല ലക്ഷണങ്ങളോടു കൂടിയിരിക്കുന്നവനുമാകുന്നു.

5. പുത്രന്റെ ദൈവത്വത്തെക്കുറിച്ച് 2 വാക്യങ്ങൾ എഴുതുക.
ത്രിത്വത്തിൽ ഒരുവനായി പിതാവിന്റെ വചനവും, പുത്രനുമായവൻ അനാദിയായി പിതാവിൽ നിന്ന് ജനിച്ചവനാണ്. അവൻ സാരാംശത്തിൽ പിതാവിനും, ശുദ്ധമുള്ള റൂഹായ്ക്കും സമനും, സൃഷ്ടി അല്ലാത്തവനും ആകുന്നു. [ദയവായി സൃഷ്ടി ഇല്ലാത്തവൻ എന്ന് ഉപയോഗിക്കരുത്.
സൃഷ്ടിയല്ലാത്തവൻ – ]

6. മനഃപാഠം: വിശ്വാസപ്രമാണത്തിന്റെ 4-ാം ഖണ്ഡിക ~~കൾ~~

7. ഈ യോജിപ്പ് മഹാ അത്ഭുതമായിട്ടുള്ളതാകുന്നു - വിശദീകരിക്കുക.

പുത്രനാം ദൈവത്തിന്റെ മനുഷ്യാവതാരത്തിൽ, ദൈവസ്വഭാവം ഭേദപ്പെട്ട് മനുഷ്യസ്വഭാവമായിത്തീരുകയോ, മനുഷ്യസ്വഭാവം ഭേദപ്പെട്ട് ദൈവസ്വഭാവമായിത്തീരുകയോ, തമ്മിൽ സമ്മിശ്രപ്പെടുകയോ, കൂടിക്കലർന്ന് വേറൊരു വസ്തുവായിത്തീരുകയോ, ഒന്നിനാൽ ഒന്ന് നശിച്ചുപോവുകയോ ചെയ്തില്ല. ദൈവത്വവും, മനുഷ്യത്വവും എന്ന രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർതിരിയപ്പെടാത്ത പ്രകാരം, ദൈവത്വത്തിന്റെയും, മനുഷ്യത്വത്തിന്റെയും [പാപം ഒഴികെ] പൂർണ്ണലക്ഷണങ്ങളോടുകൂടി യോജിക്കപ്പെടുകയും ചെയ്തു. ഈ യോജിപ്പ് മഹാ അത്ഭുതമായിട്ടുള്ളതാകുന്നു.

8. പുത്രനാം ദൈവത്തിന്റെ ഉയിർത്തെഴുന്നേല്പും, രണ്ടാം വരവും സംബന്ധിച്ച് നമ്മുടെ വിശ്വാസം എന്ത്?

ഉയിർത്തെഴുന്നേൽപിനാൽ തന്റെ ശരീരം നാശമില്ലാത്തതായിത്തീർന്നു. അതിനാൽ ഇനി കഷ്ടതയോ, മരണമോ തന്റെമേൽ അധികാരപ്പെടുന്നതല്ല. താൻ വഴിയും, സത്യവും, ജീവനുമാകുന്നു. തന്നാൽ അല്ലാതെയാതൊരു ജഢവും രക്ഷിക്കപ്പെടുന്നതല്ല. ജീവനുള്ളവരെയും, മരിച്ചവരെയും വിധിപ്പാൻ തന്റെ മഹത്വത്തോടെ താൻ രണ്ടാമത് വരികയും ചെയ്യും.

9. ത്രിത്വത്തിൽ പരിശുദ്ധ റൂഹാ - വിശദമാക്കുക.

പരിശുദ്ധ റൂഹാ ആശ്വാസപ്രദനാണ്. അവൻ പിതാവിനും, പുത്രനും സമനാണ്. സൃഷ്ടി അല്ലാത്തവനും ആദ്യന്തമില്ലാത്തവനുമാണ്.

10. പരിശുദ്ധ റൂഹായുടെ പുറപ്പെടൽ, പ്രവർത്തനം എന്നിവ ചുരുങ്ങിയ വാക്യങ്ങളിൽ എഴുതുക.

പരിശുദ്ധാത്മാവ് പിതാവിൽ നിന്ന് പുറപ്പെടുന്നു. പുത്രനിൽനിന്ന് എടുക്കുന്നു. പിതാവിനോടും, പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നു. നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ച താൻ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായാണ്.

11. എന്താണ് കൂദാശകൾ? — അപ്രത്യക്ഷങ്ങളായ ദൈവീകകൃപകളുടെ

പ്രത്യക്ഷങ്ങളായ വിശുദ്ധ കർമ്മങ്ങളാണ് വിശുദ്ധ കൂദാശകൾ. ഇവ മനുഷ്യവർഗത്തിന്റെ രക്ഷയ്ക്ക് അവശ്യമുള്ളവയും, നമ്മുടെ കർത്താവ് കല്പിച്ച് നിശ്ചയിച്ചിട്ടുള്ളവയുമാകുന്നു.

12. ഏഴു കൂദാശകൾ ഏതൊക്കെ?

1. വിശുദ്ധ മാമോദീസാ. 2. വി. മൂറോൻ. 3. വി. കുമ്പസാരം.
4. വിശുദ്ധ കുർബ്ബാന. 5. പട്ടത്വം. 6. വിവാഹം.
7. രോഗികളുടെ തൈലാഭിഷേകം.

13. വി. മാമോദീസാ വഴി നമുക്ക് ലഭ്യമാകുന്നത് എന്തൊക്കെ?

1. പുത്രസ്വീകാരം. 2. പാപമോചനം. 3 പരിശുദ്ധ റൂഹായുടെ ദാനങ്ങൾ. 4. ദൈവപുത്രന്മാരുടെ സംഘത്തി[സഭ]ലുള്ള സംബന്ധം.

14. വി. മാമോദീസായ്ക്ക് സ്നാനം, പ്രകാശം, വീണ്ടും ജനനം എന്നിങ്ങനെ പേരുകൾ ലഭിക്കാൻ കാരണമെന്ത്?

ആത്മാക്കളുടെ പാപക്കറകളെ കഴുകിക്കളയുന്നതിനാൽ സ്നാനമെന്നും, ദൈവിക പ്രകാശത്തിലേക്ക് അടുത്തുവരുന്നതിനാൽ പ്രകാശമെന്നും, കൃപയുടെ മക്കളായി ജനിക്കുന്നതിനാൽ വീണ്ടും ജനനമെന്നും വിളിക്കുന്നു

15. ചെറിയ പൈതങ്ങൾക്ക് മാമോദീസാ വിരോധിക്കാത്തത് എന്തുകൊണ്ട്?

കർമ്മപാപത്താൽ മാത്രമല്ല; ആദാമ്യപാപത്താലും മാനവ-രാശിമുഴുവൻ ശിക്ഷയ്ക്ക് പാത്രമായിത്തീർന്നിരുന്നു. രക്ഷകനായ യേശുക്രിസ്തുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടും ഏകീഭവിക്കുന്ന വി. മാമോദീസായാൽ പാപങ്ങൾ മോചിക്കപ്പെടുകയും, ദൈവകൃപ ലഭിക്കുകയും ചെയ്യുന്നതിനാൽ ചെറിയ പൈതങ്ങൾക്കും, വി. മാമോദീസായുടെ നൽവരം വിരോധിച്ചുകൂടാത്തതാകുന്നു.

16. അപ്പവീഞ്ഞുകൾ എങ്ങനെയാണ് കർത്താവിന്റെ ശരീരരക്തങ്ങളായി മാറുന്നത്?

വചനമായ ദൈവം മനുഷ്യസ്വഭാവത്തോട് യോജിച്ചപ്പോൾ തന്റെ മനുഷ്യത്വത്തിനും "ദൈവ"മെന്ന് പേര് വിളിക്കപ്പെട്ടു. അപ്രകാരം വി. കുർബ്ബാനയിൽ അണയ്ക്കപ്പെടുന്ന അപ്പത്തിലും, വീഞ്ഞിലും, വി. റൂഹായായ ദൈവം ചെന്ന് ആവസിച്ച്. 'ഇതെന്റെ ശരീരം' ആകുന്നുവെന്നും,

'ഇതെന്റെ രക്തം ആകുന്നു' എന്നും ഉള്ള തന്റെ കല്പന പോലെ കർത്താവിന്റെ ശരീരരക്തങ്ങളായി മാറുന്നു.

17. വി. കുർബ്ബാനയിൽ പ്രധാനമായും നാം അനുസ്മരിക്കുന്നത് എന്തൊക്കെ?
ലോക രക്ഷയ്ക്കു വേണ്ടിയുള്ള മശിഹായുടെ ഏകബലി നിവൃത്തിയിരിക്കുന്നു. തന്റെ ജനനം, പരസ്യശുശ്രൂഷ, മരണം, കബറടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവയെ ഓർക്കുകയും, രണ്ടാം വരവിനായി നോക്കിപ്പാർക്കുകയും ചെയ്യുന്നു.

18. എങ്ങനെയാണ് വി. കുർബ്ബാന സ്വീകരിക്കേണ്ടത്?
സത്യകുമ്പസാരം നടത്തണം. സത്യവിശ്വാസത്തോടും, പ്രാർത്ഥനയോടും, വി. കുർബ്ബാനയുടെ ബഹുമാനത്തിനായി ഉപവാസം മുതലായ ഒരുക്കങ്ങളോടും കൂടി കൈക്കൊള്ളണം.

19. വി. കുർബ്ബാനയിൽ പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നത് എന്തുകൊണ്ട്?
സ്വർഗ്ഗരാജ്യം പുളിച്ച മാവിന് സദൃശ്യം. (Mt. 13:33) എന്ന് കർത്താവ് പറഞ്ഞതുപോലെ, താൻ സകല ലോകത്തെയും ജീവിപ്പിക്കുന്ന ജീവന്റെ പുളിപ്പാകുന്നു എന്ന് ഇതിനാൽ കാണിക്കുന്നു. സുറിയാനിയിൽ ഉപയോഗിച്ചിരിക്കുന്ന അമ്മീറാ (അപ്പം) എന്ന പദം, പുളിപ്പുള്ള അപ്പത്തെ കുറിക്കുന്നതാണ്.

൨൦. എന്താണ് വി. കുമ്പസാരം?
വി. കുമ്പസാരം എന്നത് ദൈവ മുമ്പാകെയുള്ള അനുതാപം മൂലം, തങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെ ദൈവത്തിന്റെ സ്ഥാനപതിയായ പട്ടക്കാരന്റെ മുമ്പാകെ ഏറ്റുപറഞ്ഞ് പാപത്തിൽ നിന്ന് മോചനം ലഭിക്കുന്ന കൂദാശയാണ്. (യോഹ. ൨൦: 23)

൨൧. വി. കുമ്പസാരത്തിൽ ഒരു പുരോഹിതന്റെ ഉത്തരവാദിത്വം എന്ത്?
ഓരോരുത്തർക്കും ആവശ്യമായ ഉപദേശങ്ങൾ പറഞ്ഞുകൊടുത്ത് അവരെ വഴിതെറ്റിൽ നിന്നും തിരിക്കുക. ~~[illegible]~~ ഒരു പിതാവിനെപ്പോലെ സ്നേഹത്തോടു കൂടി ശാസിച്ച് അവർക്ക് പാപബോധം വരുത്തുക. നോമ്പ്, ധർമ്മം മുതലായി ഓരോരുത്തർക്കും പ്രായശ്ചിത്തം നിശ്ചയിക്കുക. കർത്താവിന്റെ നീതിയെ ചൂണ്ടിക്കാണിച്ച് ഭയപ്പെടുത്തുകയും, തന്റെ കരുണയെ കാണിച്ച് കൃപയിൽ ആശ്രയിപ്പിച്ച് ആശ്വസിപ്പിക്കുകയും ചെയ്ക. പാപ പരിഹാരം

പ്രാർത്ഥന നടത്തി കർത്താവിന്റെ നാമത്തിൽ അവരെ അനുഗ്രഹിക്കുക.

22. വി. തൈലങ്ങളാൽ അഭിഷേകം ചെയ്യപ്പെടുന്നത് എന്തിന്?

വി. മാമ്മോദീസാ വഴിയായി നാം മശിഹായെ ധരിക്കുന്നു. വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും വീണ്ടും ജനിക്കുന്നതിനാൽ, ആത്മാവിൽ അഭിഷേകം ചെയ്യപ്പെട്ട് നിത്യജീവനിലേക്ക് മുദ്രകുത്തപ്പെടുന്നതിന്റെ ദൃഷ്ടാന്തമായി ശുദ്ധീകരിക്കപ്പെട്ട സൈത്ത്, വിശുദ്ധ മൂറോൻ എന്നിവയാൽ അഭിഷേകം ചെയ്യപ്പെടുന്നു.

23. ആരാണ് പുരോഹിതർ?

പുരോഹിതർ മൺമയരെ, സ്വർഗ്ഗീയരാക്കുന്നതിനും, മൃഗസ്വഭാവികളെ ദൈവസ്വഭാവികളാക്കിത്തീർക്കുന്നതിനുമുള്ള വഴികാട്ടികളാണ്. അവർ കാണപ്പെടാത്ത — ദൈവത്തിന്റെ സ്ഥാനപതികളും, തന്റെ സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്ന വി. കൂദാശകളെ ശുശ്രൂഷിക്കുന്നവരുമാണ്.

24. എങ്ങനെയാണ് ഒരാൾ പട്ടക്കാരനാകേണ്ടത്?

ഒരാൾക്ക് സ്വമേധയാ ഈ സ്ഥാനം പ്രാപിക്കരുത്. ദൈവകല്പനപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവനും, മശിഹായിൽനിന്നുള്ള കൈവയ്പ്പ് വഴിയായി മേൽപട്ടക്കാരനിൽ നിന്ന് കൈവയ്പ്പ് പ്രാപിച്ചവനും ആയിരിക്കേണം.

25. മുടക്കപ്പെടുന്നവരെപ്പറ്റി സഭയുടെ കാഴ്ചപ്പാട് എന്ത്?

പട്ടക്കാർ പൗരോഹിത്യത്തിലിരിക്കെ, ദോഷികളായി കണ്ടെത്തപ്പെട്ടാൽ അവരെ മുടക്കണം. മുടക്കിയതിന്റെ ശേഷം അവർ യാതൊരു കൂദാശകളും കഴിച്ചുകൂടാത്തതും, ശങ്കയില്ലാതെ കൂദാശകൾ അനുഷ്ഠിക്കുന്നവരോടുകൂടെ വിശ്വാസികൾ സംബന്ധിച്ചുകൂടാത്തതും ആകുന്നു.

X — X — X —